**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6429** **20-03-2023 - ൽ മറുപടിയ്ക്ക്**

**തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ബഫർസോണിലെ നിർമ്മിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ബഫർ സോണിലെ നിർമ്മിതികളുടെ എണ്ണം കണ്ടെത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന് മാത്രമായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ **സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റം പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്ന വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജന അഭിപ്രായം കൂടി കണക്കിലെടുത്തു കൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി സംരക്ഷിതമേഖലയുടെ അതിർത്തിയിൽനിന്നും ഒരു കി.മീ. ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ബാധകമാക്കിയാൽ ഉൾപ്പെടുന്ന നിർമ്മിതികളുടെ എണ്ണം കണ്ടെത്തുന്നതിനും വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനിക്കുകയും, ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം റിട്ടയേർഡ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.** |
| (ബി) | പ്രസ്തുത വിദഗ്ദ്ധ സമിതി ബഫർസോണിലെ നിർമ്മിതികളെ കുറിച്ച് റിപ്പോർട്ട് നല്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **വിദഗ്ധ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച ഭൗതിക സ്ഥല പരിശോധന പൂർത്തിയാക്കി 01.03.2023-ൽ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം എത്ര നിർമ്മിതികൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | **KSREC വികസിപ്പിച്ച അസ്സറ്റ് മാപ്പർ എന്ന മൊബൈൽ ആപ്പ് മുഖേന നടത്തിയ ഫീൽഡ് വെരിഫിക്കേഷനിൽ 62039 നിർമ്മിതികളും,** |

| | | | |
|---|---|---|---|
| | | | **ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയിൽ 49374 നിർമ്മിതികളുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇവ രണ്ടിലെയും വിവരങ്ങൾ പരിഗണിച്ചു കൊണ്ടും ഇരട്ടിപ്പുകൾ ഉള്ള ഡാറ്റാ ഒഴിവാക്കി കൊണ്ടും അന്തിമ കണക്ക് പരിശോധിക്കുമ്പോൾ, സംസ്ഥാനത്തെ 24 സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ, 70582 നിർമ്മിതികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്.** |
| (ഡി) | കൂട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത നിർമ്മിതികളുടെ കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | **കണക്കെടുത്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ഇ) | കൂട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളും വിദഗ്ദ്ധ സമിതിയും എടുത്ത നിർമ്മിതികളുടെ കണക്കുകൾ തമ്മിൽ അന്തരം നിലനില്ക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | ഗ്രാമപഞ്ചായത്തുകളും വനം വകുപ്പും KSREC ന്റെ സഹായത്തോടെ സംയുക്തമായി പ്രവർത്തിച്ച് എടുത്ത കണക്കുകളാണ് വിദഗ്ധസമിതി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം കണക്കുകൾ എടുത്തതായി വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിന്റെ പേര് | ഹെൽപ് ഡെസ്കിൽ ലഭിച്ച പരാതികൾ | പരിഹരിച്ച പരാതി കൾ | KSREC-ന്റെ അസറ്റ് മാപ്പർ ആപ് പ്രകാരം വിവരങ്ങൾ അപ്ലോഡ് ചെയ്തു തുട ങ്ങിയോ | | റിമാർക്സ് |
|---|---|---|---|---|---|
| തട്ടേക്കാട് | | | | | |
| കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് | 658 | 658 | പൂർത്തീകരിച്ചു. | 658 | 816 അപേക്ഷകൾ ലഭിച്ചതിൽ 658 എണ്ണം മാത്രമെ ഇക്കോ സെൻസി റ്റീവ് സോൺ പരിധി യിൽ വരുന്നുള്ളു. ആയതിന്റെ ജിയോ ടാഗിംഗ് പൂർത്തീകരിച്ചി ട്ടുണ്ട്. |
| കീരംപാറ ഗ്രാമ പഞ്ചായത്ത് | 373 | 373 | പൂർത്തീകരി ച്ചു.. | 373 | 465 അപേക്ഷകൾ ലഭിച്ചതിൽ 373 എണ്ണം മാത്രമെ ഇക്കോ സെൻസി റ്റീവ് സോൺ പരിധി യിൽ വരുന്നുള്ളു. ആയതിന്റെ ജിയോ ടാഗിംഗ് പൂർത്തീകരി ച്ചിട്ടുണ്ട്. |
| **Sub Total** | **1031** | **1031** | | **1031** | |